(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) നഗരങ്ങളിൽ വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം നിർമ്മിക്കുവാനുള്ള പദ്ധതി രൂപീകരണം പ്രാരംഭഘട്ടത്തിലാണ്. ഒരു കമ്മിറ്റി രൂപീകരിച്ച് പദ്ധതിയുടെ സാധ്യതാപഠനം നടത്തിവരുന്നു.

സൈൻബോർഡുകളെ സംരക്ഷിക്കാൻ നടപടി

273 (7244) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈൻ ബോർഡിനെ മറച്ചും ബോർഡിന്മേലും വിവിധ പരസ്യങ്ങൾ പതിക്കുന്നതിനാൽ സൈൻ ബോർഡുകൾ കാണാതെ വാഹന യാത്രക്കാർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ആർക്കെങ്കിലും എതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇത്തരം ബോർഡുകൾ യാത്രക്കാർ കാണുന്ന വിധത്തിൽ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശിക്ഷണ നടപടികൾ എടുത്തിട്ടില്ല. സൈൻബോർഡിനെ മറച്ചും, ബോർഡിന്മേലും വിവിധ പരസ്യങ്ങൾ പതിക്കുന്നത് അപ്പപ്പോൾത്തന്നെ നീക്കം ചെയ്യുന്നുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

ലോകബാങ്ക് സഹായത്തോടുകൂടി നടപ്പാക്കിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

274 (7245) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതികളിലും കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലോകബാങ്ക് ധനസഹായത്തോടുകൂടി കെ.എസ്.ടി.പി.-രണ്ട് പദ്ധതിയിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 363 കി.മീ. ദൈർഘ്യം വരുന്ന 6 പ്രധാന റോഡുകൾ 9 പാക്കേജുകളിലായി നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ താഴെപറയുന്ന 3 റോഡുകളുടെ നിർമ്മാണ പ്രവർത്തനമാണ് ഇപ്പോൾ നടന്നുവരുന്നത്.

(1) കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് - 27.76 കി.മീ.

(2) പിലാത്തറ-പാപ്പിനിശ്ശേരി റോഡ് - 20.9 കി.മീ.

(3) തലശ്ശേരി-വളവുപാറ റോഡ് - 53.12 കി.മീ.

താഴെപ്പറയുന്ന റോഡുകളുടെ നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

(1) ഏറ്റുമാനൂർ-മുവാറ്റുപുഴ എം.സി. റോഡ് - 42 കി.മീ.

(2) തിരുവല്ല ബൈപ്പാസ് റോഡ് - 2.25 കി.മീ.

(3) പൊൻകുന്നം-തൊടുപുഴ റോഡ് - 50.22 കി.മീ.

ചെങ്ങന്നൂർ-ഏറ്റുമാനൂർ എം.സി. റോഡ് പ്രവൃത്തിയുടെ (43.65 കി.മീ.) ദർഘാസുകൾ സൂക്ഷ്മ പരിശോധനയിലാണ്. പുനലൂർ-പൊൻകുന്നം റോഡ് (82 കി.മീ.) പൊതു-സഹകാര്യ പങ്കാളിത്തത്തോടുകൂടിയാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. പെരിനിലാവ്-പട്ടാമ്പി-പെരിന്തൽമണ്ണ റോഡിന്റെ (41 കി.മീ.) വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 2403 കോടി രൂപ അടങ്കൽ കണക്കാക്കുന്ന കെ.എസ്.ടി.പി. - രണ്ട് പദ്ധതിക്ക് 216 യു.എസ്. മില്യൺ ഡോളർ (ഏകദേശം 1986 കോടി രൂപ) ആണ് ലോകബാങ്ക് ധനസഹായമായ നൽകുന്നത്. സംസ്ഥാന വിഹിതം 1237 കോടി രൂപയാണ്. ഇതിന് കേന്ദ്ര വിഹിതമില്ല.

ദേശീയ പാതയുടെ വികസനം

275 (T7246) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ .

(എ) ദേശീയപാത വികസന കാര്യത്തിൽ ദേശീയപാത അവലോകന യോഗത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ പ്രതിനിധാനം ചെയ്ത് ഈ യോഗത്തിൽ പങ്കെടുത്തത് ആരാണെന്നും യോഗത്തിൽ സംസ്ഥാനം മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും വിശദമായി വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly